# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01 ലക്കം : 03 2021 ഫെബ്രുവരി

## വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ചികിത്സാസഹായം വർധിപ്പിക്കും – മന്ത്രി



**വൃ**ക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നാഷണൽ ഹെൽത്ത് അതോറിറ്റി പാക്കേജ് പ്രകാരം നിലവിലുള്ള ഒന്നര ലക്ഷം രൂപയുടെ ചികിത്സാസഹായം കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നാലു ലക്ഷം രൂപയാക്കി വർധിപ്പിക്കാനുള്ള നടപടി പൂർത്തീകരിച്ചുവരികയാണെന്ന് സംസ്ഥാന ആരോഗ്യമന്ത്രി കെ.കെ.ശൈലജ ടീച്ചർ അറിയിച്ചു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ ആരംഭിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാന ആരോഗ്യ ചരിത്രത്തിലെ നാഴികക്കല്ലാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെന്ന് മന്ത്രി പറഞ്ഞു. കേരളത്തിലെ സാധാരണ ജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങളിലൊന്നാണ് അനുദിനം വർധിച്ചുവരുന്ന ചികിത്സാചെലവ്. മികച്ച പൊതുജനാരോഗ്യ സംവിധാനങ്ങളും സേവനവും ഒരുക്കിയാണ് അതിന് പരിഹാരം കണ്ടത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 33 ശതമാനം ആൾക്കാരാണ് സർക്കാർ ആശുപത്രികളെ ആശ്രയിച്ചിരുന്നത്. എന്നാൽ സർക്കാർ നിരന്തരം ഇടപെട്ട് ആശുപത്രികൾ ശാക്തീകരിച്ചതോടെ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം 50 ശതമാനമായി ഉയർന്നു. മൊത്തം ക്ലെയ്മിന്റെ 72 ശതമാനവും സർക്കാർ ആശുപത്രികളിൽ നിന്നാണ് വരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ മേഖലയിലെ നിർണായക ചുവടുവയ്പ്പുകളിലൊന്നാണ് സ്റ്റേറ്റ് ഹെൽത്ത്

*(ശേഷം 2-ാം പേജിൽ)*



## EHCP CONNECT - ആശയവിനിമയത്തിന് ഓൺലൈൻ പ്ലാറ്റ്ഫോം

**കാ**രുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിന് സ്റ്റേറ്റ്ഹെൽത്ത്ഏജൻസിയുടെ സേവനങ്ങൾ സംബന്ധിച്ച സംശയനിവാരണത്തിനും ആശയവിനിമയത്തിനുമായി EHCP CONNECT എന്ന പേരിൽ ഇനി ഓൺലൈൻ പ്ലാറ്റ്ഫോം. ഈ വേദിയിലൂടെ സ്റ്റേറ്റ്ഹെൽത്ത്ഏജൻസിയുടെ ജില്ലാ കോർഡിനേറ്ററുമായും ജില്ലയിലെ എംപാനൽ ചെയ്യപ്പെട്ട സർക്കാർ, സ്വകാര്യ ആശുപത്രികളുടെ പ്രതിനിധികളുമായും ആശയവിനിമയത്തിന് അവസരം ഒരുക്കുന്നു.

ഒന്നിടവിട്ട ആഴ്ചകളിൽ എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്ക് മൂന്നുമണി മുതൽ സർക്കാർ, സ്വകാര്യ ആശുപത്രി പ്രതിനിധികളുമായി ഈ പ്ലാറ്റ്ഫോമിലൂടെ ജില്ലാകോഓർഡിനേറ്റർ ആശയവിനിമയം നടത്തും. സംശയനിവാരണത്തിനും പ്രശ്നപരിഹാരത്തിനും ബന്ധം സുദൃഢമാക്കുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടും



## വൃക്ക മാറ്റിവയ്ക്കൽ...

*ഒന്നാം പേജ് തുടർച്ച*

ഏജൻസിയുടെ രൂപീകരണം. സാധാരണ ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി വ്യത്യസ്ത വകുപ്പുകൾ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പാക്കുകയാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ചെയ്യുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവയുടെ നടത്തിപ്പ് ചുമതല സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്കാണ്. കോവിഡ് മഹാമാരിയെ ചെറുക്കുന്നതിനായി ഏജൻസി കൈക്കൊണ്ട നടപടികൾ സംസ്ഥാന ആരോഗ്യ വകുപ്പിനു തന്നെ വലിയ ആശ്വാസമാണ് നൽകിയത്. സ്വകാര്യ ആശുപത്രികളെ കോവിഡ് ചികിത്സയ്ക്കായി മുന്നോട്ട് കൊണ്ടുവരുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ നേതൃത്വത്തിൽ സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളുമായി വിവിധതല ചർച്ചകൾ നടത്തുകയും കോവിഡ് ചികിത്സയ്ക്കായി ഏകീകൃത കോവിഡ് നിരക്ക് നിജപ്പെടുത്തുകയും ചെയ്തു.




കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിധിയിൽ വരുന്ന 19,51,453 കുടുംബങ്ങളുടെ നൂറുശതമാനം ചികിത്സാ ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കേന്ദ്ര സർക്കാർ പങ്കാളിത്തമുള്ള ആയുഷ്മാൻ പദ്ധതിയിൽ അംഗങ്ങളായ 22,01,131 കുടുംബങ്ങളുടെ ചികിത്സാചെലവിന്റെ 40 ശതമാനവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. രണ്ടുവർഷകാലയളവിൽ 17.14 ലക്ഷം ക്ലെയിമുകളും 1,036.89 കോടി രൂപയുടെ സൗജന്യ ചികിത്സയും നല്കി.

റിലയൻസ് ഇൻഷുറൻസ് കമ്പനി പദ്ധതി നടപ്പാക്കിയിരുന്ന കാലയളവിൽ ചെറിയ രീതിയിലുള്ള സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ആശുപത്രികളുടെ ക്ലെയിമുകൾ അധികമായി നിരസിച്ചിരുന്നു. എന്നാലിപ്പോൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഏറ്റെടുത്തതോടെ പരമാവധി ക്ലെയിമുകൾ നൽകാൻ സാധിക്കുന്നു. 379 സ്വകാര്യ ആശുപത്രികളടക്കം കേരളത്തിലുടനീളം 570 ആശുപത്രികളിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സൗജന്യ ചികിത്സ ലഭ്യമാണ്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ പങ്കാളികളാക്കാനുള്ള എംപാനൽമെന്റ് പ്രക്രിയ തുടർന്നു വരികയാണ്.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ ഐ.എ.എസ്, ജോയിന്റ് ഡയറക്ടർമാരായ ഡോ. ഇ. ബിജോയ് എസ്. ഹരികുമാർ എന്നിവർ സംസാരിച്ചു.

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ രത്തൻ യു കേൽക്കർ** IAS
(എക്സിക്യൂട്ടീവ് ഡയറക്ടർ )

എഡിറ്റർ :
**ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി**
(എക്സിക്യൂട്ടീവ് - ഐ.ഇ.സി & സി.ബി)

***അംഗങ്ങൾ***

**ഡോ ബിജോയ് ഇ**
(ജോയിന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)
**സുരേഷ് കെ**
(മാനേജർ- എച്ച് ആർ & അഡ്മിനിസ്ട്രേഷൻ)
**അനികൃഷ്ണ കെ**
(മാനേജർ - ജി ആർ & എം ഇ )
**വിപിൻ സി മാത്യു**
(മാനേജർ - ഫിനാൻസ്)
**ഡോ വിമൽ വി വി**
(മാനേജർ - HN & QA)
**വിവേക് കൃഷ്ണൻ പി.കെ**
(മാനേജർ - ഐ.ടി)

എഡിറ്റോറിയൽ സഹായം:
**ബിസ്മി എസ്. ജെ. നായർ**
(ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർ - തിരുവനന്തപുരം)
**മിഥുൻ ടി**
(ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർ, കണ്ണൂർ)

കൺസൾട്ടിങ് എഡിറ്റർ:
**അജിത് വെണ്ണിയൂർ**

# ദൃശ്യമാധ്യമ ശിൽപശാല

**കാ**രുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയെയും പദ്ധതി നടത്തിപ്പിനായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ ആരംഭിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തനങ്ങളെയും കുറിച്ച് ദൃശ്യമാധ്യമ പ്രവർത്തകരുമായി സംവദിക്കുന്നതിന് തിരുവനന്തപുരം ഐ.എം.ജിയിൽ നടത്തിയ മാധ്യമ ശിൽപശാല ആരോഗ്യ കുടുംബക്ഷേമ മന്ത്രി കെ.കെ ശൈലജടീച്ചർ ഉദ്ഘാടനം ചെയ്തു.




സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഐ.ഇ.സി & കപ്പാസിറ്റി ബിൽഡിംഗ് മാനേജർ ലത്തീഫ് സി വിഷയാവതരണം നടത്തി. പദ്ധതിയെയും സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്ക്കരിച്ച സേവനങ്ങളെയും കൈവരിച്ച നേട്ടങ്ങളെയും കുറിച്ച് മന്ത്രി മാധ്യമപ്രവർത്തകരുമായി ആശയവിനിമയം നടത്തി. 45 ദൃശ്യ മാധ്യമ പ്രവർത്തകർ പങ്കെടുത്ത പരിപാടിയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.രത്തൻ ഖേൽക്കർ ഐ.എ.എസ്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോയിന്റ് ഡയറക്ടർ (ഓപ്പറേഷൻസ്) ഡോ.ഇ ബിജോയ് എന്നിവർ സംസാരിച്ചു.

# കാരുണ്യ ഹൈടെക് കിയോസ്ക്ക് നിർമാണം പൂർത്തിയാകുന്നു

**കാ**രുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയുടെ സേവനം കാര്യക്ഷമമാക്കാൻ ആശുപത്രി ഫ്രണ്ട് ഓഫീസുകളിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സ്ഥാപിക്കുന്ന ഹൈടെക് കിയോസ്ക്കുകളുടെ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്. എംപാനൽ ചെയ്ത എല്ലാ ആശുപത്രികളിലും കിയോസ്ക്ക് സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു.

ആശുപത്രികളിലെത്തുന്ന രോഗികൾക്ക് വളരെ വേഗം പദ്ധതിയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വിദഗ്ദ്ധ പരിശീലനം ലഭിച്ച ആര്യോഗ്യ മിത്ര/ മെഡിക്കൽ കോർഡിനേറ്റർമാർക്കാണ് കിയോസ്ക്കുകളുടെ പരിപാലന ചുമതല നൽകിയിരിക്കുന്നത്.

നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ബെനിഫിഷ്യറി ഐഡന്റിഫിക്കേഷൻ സിസ്റ്റത്തിൽ നിന്ന് ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കാർഡ് ലഭ്യമാക്കൽ, രോഗിയുടെ കാസ്പ് രജിസ്ട്രേഷൻ മുതൽ ഡിസ്ചാർജ് വരെയുള്ള എല്ലാ സേവനങ്ങളും പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ദൈനംദിന അറിയിപ്പുകളും കാസ്പ് കിയോസ്ക്കുകൾ വഴി ജനങ്ങൾക്ക് ലഭ്യമാകും.



*കോന്നിയിൽ പുതുതായി ആരംഭിക്കുന്ന ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സ്ഥാപിച്ച കിയോസ്ക്കിന്റെ ഉദ്ഘാടനം റാന്നി എം.എൽ.എ രാജു എബ്രഹാം നിർവഹിക്കുന്നു, കോന്നി എം.എൽ.എ കെ.യു ജനീഷ് കുമാർ, അടൂർ എം.എൽ.എ ചിറ്റയം ഗോപകുമാർ എന്നിവർ സമീപം*



*കൊല്ലം ജില്ലാ ആശുപത്രിയിൽ കിയോസ്ക്കിന്റെ പ്രവർത്തനം മുകേഷ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു*




*തൃശ്ശൂർ മെഡിക്കൽകോളേജിൽ പ്രവർത്തനം ആരംഭിച്ച കിയോസ്ക്കിലെ ആരോഗ്യ മിത്ര ഗുണഭോക്താവിന് ആരോഗ്യ ഇൻഷുറൻസ് കാർഡ് നൽകുന്നു.*

കേരള സർക്കാർ | Pradhan Mantri Jan Arogya Yojana Ayushman Bharat PM-JAY | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കരുതലിന്റെ കൈത്താങ്ങ് | KASP

## 5 ലക്ഷം രൂപ വരെയുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് (KASP) നിങ്ങൾ അർഹരാണോ?

### ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) കിയോസ്കുമായി ബന്ധപ്പെടുക.

- ആധാർ കാർഡ് അടക്കമുള്ള വ്യക്തിഗത തിരിച്ചറിയൽ രേഖകൾ സമർപ്പിക്കുക.
- തിരിച്ചറിയൽ രേഖകളുടെ അടിസ്ഥാനത്തിൽ രോഗിക്ക് KASP കാർഡിന് അർഹതയുണ്ടോ എന്ന് പരിശോധിക്കും.
- അർഹരാണ് എന്ന് കണ്ടെത്തിയാൽ KASP കാർഡ് നൽകി, 5 ലക്ഷം രൂപ വരെയുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കും.



# തുടരുന്ന ജീവിതം, കരുതലോടെ കാരുണ്യ

**പ**ത്തനംതിട്ട ജില്ലയിലെ അടൂർ സ്വദേശി ഹരി എന്നും ഒരു പ്രചോദനമാണ്. ചെറുത്തുനിൽപിന്റെയും അതിജീവനത്തിന്റെയും തുടർകഥ പറയുന്ന ജീവിതം. ജനനംമുതൽ ഡയബറ്റീസും പതിനൊന്ന് വർഷമായി ഡയാലിസിസും ജീവിതത്തിന്റെ ഭാഗമായി കൊണ്ടു നടക്കുന്ന സൗമ്യശീലൻ.

പത്തുവർഷം മുൻപ് ഒരു സ്വകാര്യ ആശുപത്രിയിൽവെച്ചാണ് ഹരിയെ ആദ്യമായി പരിചയപ്പെട്ടത്. ഡയാലിസിസിനെത്തിയതായിരുന്നു. അന്ന് ഹരി തന്ന മൊബൈൽ നമ്പറിലേക്ക് ഒന്ന് വിളിച്ചുനോക്കിയതാണ്, ആരോഗ്യം എങ്ങനെയെന്നറിയാൻ. അങ്ങേതലയ്ക്കൽ ഹരിയുടെ ശബ്ദം. ഒരുമാറ്റവുമില്ല. ജീവിതത്തോട് പടവെട്ടുന്ന ഹരിയുടെ ഗാംഭീര്യം കലർന്ന ഉറച്ചശബ്ദം.

അഞ്ചു വർഷമായി അടൂർ ജനറൽ ആശുപത്രിയിലാണ് ഹരി ഡയാലിസിസ് ചെയ്യുന്നത്. ഒരു ചാരിറ്റബിൾ ട്രസ്റ്റാണ് മുൻപ് ഹരിയെ ചികിത്സയ്ക്ക് സഹായിച്ചിരുന്നത്. പിന്നീട് 2011 ൽ കാരുണ്യ ബെനവലന്റ്ഫണ്ട് ആരംഭിച്ചതുമുതൽ കെ.ബി.എഫിൽനിന്നും ഇപ്പോൾ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയിൽനിന്നും ചികിത്സ തുടർന്നു വരുന്നു.

'കാരുണ്യ'യുടെ തണലിൽ സുരക്ഷിതനാണെന്ന ആശ്വാസവും ആത്മവിശ്വാസവും നിറഞ്ഞതായിരുന്നു ഹരിയുടെ ഓരോ വാക്കും.

**ഡെന്നിസ് ജോൺ**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ
പത്തനംതിട്ട




# നമുക്കും ഒരു കാർഡ്, ചുവപ്പുനാടകളില്ലാതെ...

***അമ്മയുടെപേരിൽ കാർഡ് കിട്ടാൻ പിന്നെ താമസമുണ്ടായില്ല. യാതൊരു തടസ്സവുമില്ലാതെ ചികിത്സ നടന്നു. ആശുപത്രി വിടും മുൻപ് തന്റെ പേരിൽ കൂടി ഒരു ഒരുകാർഡ് സ്വന്തമാക്കാനും അവൻ മറന്നില്ല.***

**സ്കൂ**ൾ ക്ലാസ് കഴിഞ്ഞുവീട്ടിലെത്തിയ വിഷ്ണു കണ്ടത് പൂട്ടിക്കിടക്കുന്ന വീടാണ്. അയൽവീട്ടിൽ ചോദിച്ചു കാര്യം മനസ്സിലാക്കി ആശുപത്രിയിലേക്ക്ഓടുമ്പോഴും അവന്റെ കണ്ണ്നിറഞ്ഞൊഴുകുകയായിരുന്നു. അച്ഛൻ മരിച്ചതിനുശേഷം അമ്മയാണ് തന്റെ എല്ലാകാര്യവും നോക്കുന്നത്. അമ്മക്ക് എന്താവും പറ്റിയത്!.

ആശുപത്രിയിൽ എത്തിയപ്പോഴേക്കും അമ്മയെ ഓപ്പറേഷൻ തീയേറ്ററിൽ കയറ്റിക്കഴിഞ്ഞിരുന്നു. ബില്ല് അടയ്ക്കണം. ആൻജിയോഗ്രാം ചെയ്യണം എന്ന്പറഞ്ഞു നേഴ്സ് ഏൽപിച്ച, അമ്മയുടെ ബാഗ് തുറന്നു നോക്കിയപ്പോൾ അതിനുള്ളിൽ ആർ.എസ്.ബി.വൈയുടെ പഴയ കാർഡ് കണ്ടു. 2019 ൽ ആ കാർഡ് പുതുക്കാൻ അമ്മയോടൊപ്പം പോയത് അവൻ ഓർത്തു.

കിയോസ്കിൽ കാർഡ് ഏൽപ്പിച്ചശേഷം പുതിയ 'എബിപിഎംജെഎവൈ കാരുണ്യ'യുടെ കാർഡിനായി നിന്നപ്പോഴാണ് പ്രതീക്ഷിക്കാത്ത ഒരു പ്രശ്നം അവനു നേരിടേണ്ടിവന്നത് .

ബിഐഎസ് സൈറ്റിൽ അമ്മയുടെ പേരില്ല, അവന്റെപേരും. പകരം മറ്റാരുടെയൊക്കെയോ പേരുകൾ... പേരില്ലാതെ എങ്ങനെ അമ്മയുടെ ചികിത്സ നടക്കും?

ആലോചനയ്ക്കിടെ ആ ആറാം ക്ലാസ്സുകാരന്റെ തോളിൽ ഒരു കരസ്പർശം. അവൻ തിരിഞ്ഞുനോക്കി. പുഞ്ചിരിയോടെ ഒരാൾ. സ്വയം പരിചയപ്പെടുത്തി. കാരുണ്യാ ആരോഗ്യ സുരക്ഷാപദ്ധതിയുടെ പ്രവർത്തകനാണ്. അദ്ദേഹം അവന്റെ കൈയിൽനിന്നും കാർഡ് മേടിച്ചു. ഒരു അപേക്ഷ എഴുതി അവനെക്കൊണ്ട് ഒപ്പിടുവിച്ചു. ഉടൻതന്നെ അദ്ദേഹം ഡിപിസിയുമായി സംസാരിക്കുകയും അനധികൃതമായി കിടന്നിരുന്ന പേരുകൾ ഉടൻ നീക്കംചെയ്യുകയും ചെയ്തു .

അമ്മയുടെപേരിൽ കാർഡ് കിട്ടാൻ പിന്നെ താമസമുണ്ടായില്ല. യാതൊരു തടസ്സവുമില്ലാതെ ചികിത്സ നടന്നു. ആശുപത്രി വിടും മുൻപ് തന്റെ പേരിൽ കൂടി ഒരു ഒരുകാർഡ് സ്വന്തമാക്കാനും അവൻ മറന്നില്ല.

**ഓർക്കുക!** സാധുവായ ആർ.എസ്.ബി.വൈ കാർഡ് കൈയിലുണ്ടായിട്ടും ബി.ഐ.എസ്. സോഫ്റ്റ്വെയറിൽ പേര് തെറ്റായി ചേർത്തിരിക്കുകയാണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷ നൽകി സ്വന്തം കാർഡ് ഉറപ്പുവരുത്തുക

**ബിസ്മി എസ്.ജെ.നായർ**
പ്രോജക്ട് കോ-ഓർഡിനേറ്റർ
തിരുവനന്തപുരം

# എന്തിനു പേടിക്കണം, എനിക്കിപ്പോഴും ബാലൻസുണ്ടല്ലോ



*മുറിച്ചുമാറ്റേണ്ടിവരുമെന്ന് കരുതിയ ഇടതുകാൽ തിരിച്ചുനൽകിയ ആശുപത്രിജീവനക്കാരുടെ സേവനത്തെപ്പറ്റിപറയുമ്പോൾ ഇപ്പോഴും നസീറിന്റെ കണ്ണുകൾ ഈറനണിയുന്നു.*

**മു**ച്ചക്രവാഹനത്തിലേക്ക് കടന്നിരിക്കെ ആലപ്പുഴക്കാരൻ നസീർഅബ്ദുൾഖനിയുടെ കണ്ണുകൾ നിറഞ്ഞത് സന്തോഷംകൊണ്ടായിരുന്നു. കഴിഞ്ഞ ഇരുപത്തിയാറുവർഷം ഭാര്യയും രണ്ട് മക്കളുമടങ്ങിയ ചെറിയ കുടുംബത്തിന് അന്നംതന്ന ആ വാഹനം ജീവിതത്തിലൊരിക്കലും ഇനി തനിക്ക് ഓടിക്കാൻ സാധിക്കില്ല എന്ന് ഉറപ്പിച്ചു വിശ്വസിച്ച നാളുകൾ.

2019 സെപ്റ്റംബർ 15. ജീവിതത്തിലൊരിക്കലും മറക്കാനാവാത്ത ദിവസം. പതിവുപോലെ കൊറ്റംകുളങ്ങര ക്ഷേത്രപരിസരത്തുള്ള ഓട്ടോസ്റ്റാൻഡിലേക്ക് രാവിലെ ഓട്ടത്തിനെത്തിയതായിരുന്നു നസീർ. സമീപത്തെ കടയ്ക്കു മുന്നിൽ സുഹൃത്തുക്കളോട് സംസാരിച്ചു നിൽക്കുകയായിരുന്നു.

വളവു തിരിഞ്ഞുവന്ന കാറിനെ വെട്ടിച്ചുവന്ന ബുള്ളറ്റു യാത്രക്കാരന്റെ കണക്കുകൂട്ടലുകൾ തെറ്റിയത് ഞൊടിയിടയിലാണ്. ഇടിയേറ്റു തെറിച്ചുവീണ നസീറിന് എന്താണ് സംഭവിച്ചതെന്ന് ആ നിമിഷം മനസ്സിലായില്ല. ഇടതുകാൽ മുട്ടിനു താഴെ ചോരയിൽ കുളിച്ചു കിടന്ന നസീറിനെ, ഓടിക്കൂടിയവർ തൊട്ടടുത്ത സ്വകാര്യആശുപത്രിയിലെത്തിച്ചു. പിന്നീട് വണ്ടാനം മെഡിക്കൽകോളേജിലേക്ക്. ചോരയൊപ്പിമാറ്റിയപ്പോൾ കണ്ട ഇടതുകാലിനെ നസീർ വിശേഷിപ്പിച്ചതിങ്ങനെ: 'വലിയ ചൂരമീൻ നെടുകെ പിളർന്നുവെച്ചപോലെ'.

വണ്ടാനം ആശുപത്രിയിലെ അസ്ഥിരോഗ വിഭാഗത്തിലേക്ക് നസീറിനെമാറ്റി. ഇടിയുടെ ആഘാതത്തിൽ ഇടതുകാലിന്റെ ഉപ്പൂറ്റി പൂർണ്ണമായി തകർന്നിരുന്നു. കാൽ എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോയേക്കുമെന്നുറപ്പിച്ച നിമിഷങ്ങൾ. ഉദ്വേഗം നിറഞ്ഞ മണിക്കൂറുകൾ. കുറെ ശസ്ത്രക്രിയകൾ ഉടനടി ചെയ്യേണ്ടിവരുമെന്ന് കേട്ടപ്പോൾ നസീറിന്റെ ഭാര്യ തളർന്നിരുന്നുപോയി. കാര്യമായ സമ്പാദ്യവും സ്വത്തുമില്ല. വരാനിരിക്കുന്ന വൻ ചെലവുകളെപ്പറ്റി ഓർത്ത് ആ പാവം വീട്ടമ്മ ആധിപിടിച്ചിരിക്കെ ഒരു ആശുപത്രി ജീവനക്കാരിയുടെ ചോദ്യം- ആരോഗ്യ ഇൻഷുറൻസ് കാർഡുണ്ടോ?

പിന്നീടെല്ലാം വളരെ പെട്ടെന്നായിരുന്നു. വീട്ടിലുണ്ടായിരുന്ന കാർഡുമായി ഇളയമകൻ പാഞ്ഞെത്തി. മണിക്കൂറുകൾ നീണ്ട ഒൻപതോളം സർജറികൾ. സാമ്പത്തികം പ്രശ്നമായില്ല.

തൊണ്ണൂറുദിവസം ആശുപത്രിയിൽ കഴിയണം എന്നായിരുന്നു ചികിത്സിച്ച ഡോക്ടറുടെ ഉപദേശം. അൻപത്തിയാറു ദിവസത്തിനു ശേഷം നസീർ സ്വന്തംഇഷ്ടപ്രകാരം ഡിസ്ചാർജ് വാങ്ങി വീട്ടിലെത്തി. പിന്നെ വീട്ടിൽ ഒരുവർഷത്തിലധികം നീണ്ട വിശ്രമം.

കാലുറപ്പിച്ചു സ്വതന്ത്രമായി നടക്കാൻ സാധിക്കില്ലെങ്കിലും ഇപ്പോൾ വാഹനം ഓടിച്ചുതുടങ്ങി, നസീർ. മുറിച്ചുമാറ്റേണ്ടിവരുമെന്ന് കരുതിയ ഇടതുകാൽ തിരിച്ചുനൽകിയ ആശുപത്രിജീവനക്കാരുടെ സേവനത്തെപ്പറ്റിപറയുമ്പോൾ ഇപ്പോഴും നസീറിന്റെ കണ്ണുകൾ ഈറനണിയുന്നു. ഇനിയും ചെറിയ ശസ്ത്രക്രിയകൾ ബാക്കിയുണ്ട്, കോവിഡ് പശ്ചാത്തലത്തിൽ മാറ്റിവെച്ചിരിക്കുകയാണ്. പക്ഷെ നസീർ ഇപ്പോഴും തികഞ്ഞ ആത്മവിശ്വാസത്തിലാണ്. 'ഞാൻ എന്തിനു പേടിക്കണം..... നിൽക്കാൻ ബാലൻസ് ഇല്ലെങ്കിലും എന്റെ ഇൻഷുറൻസ് കാർഡിൽ ഇപ്പോഴും ബാലൻസുണ്ടല്ലോ'

**വിനീത് വി**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ
ആലപ്പുഴ

# കാരുണ്യ
## ഇനി കൈയെത്തുംദൂരെ

**ദീ**ർഘകാലമായി വൃക്കരോഗത്തിന് ചികിത്സയിലാണ് വാസുദേവൻ. ആഴ്ചയിൽ മൂന്നുദിവസമെങ്കിലും ഡയാലിസിസ് ചെയ്യേണ്ടിവരും. ഭാര്യ മരിച്ചു. വിവാഹിതയായ മകൾ കുടുംബസമേതം പറവൂരിലാണ്. അതുകൊണ്ടുതന്നെ വളരെ നാളുകളായി കൊല്ലത്തുള്ള കുടുംബവീട്ടിൽ വാസുദേവൻ ഒറ്റയ്ക്കാണ് താമസം.

വർഷങ്ങളായുള്ള ചികിത്സാച്ചെലവ് കടുത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയപ്പോഴാണ് വാസുദേവൻ കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതിയുടെ ജില്ലാ കോഓർഡിനേറ്ററുമായി ബന്ധപ്പെട്ടത് . പരിശോധനയിൽ കാരുണ്യ ആരോഗ്യ സുരക്ഷപദ്ധതിയുടെ അഞ്ചു ലക്ഷം രൂപയുടെ കാർഡിനുള്ള അർഹത അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല.

തൊഴിൽരഹിതയായ മകൾ, രണ്ടു കുട്ടികൾ. മരുമകന്റെ ഒറ്റ വരുമാനം മാത്രം കൊണ്ട് കഴിയുന്ന കുടുംബം. അതിനിടയിൽ ഒരു ബാധ്യതയായി തനിക്കുംകൂടി അവരോടൊപ്പം പോകാനുള്ള ബുദ്ധിമുട്ട് അദ്ദേഹം ഡിപിസിയുമായി പങ്കുവെച്ചു.

അപ്പോഴാണ് സംസ്ഥാന സർക്കാരിന്റെ കാരുണ്യ ബെനവലന്റ്ഫണ്ട് (കെബിഎഫ്) പദ്ധതിയെപറ്റി ജില്ലാകോർഡിനേറ്റർ പറഞ്ഞുകൊടുത്തത്. അതനുസരിച്ച് കെബിഎഫ് ആനുകൂല്യം ലഭ്യമാക്കുകയും തുടർന്ന് പാരിപ്പള്ളി മെഡിക്കൽകോളെജിൽ ചികിൽസ പുനരാരംഭിക്കുകയും ചെയ്തു.

എന്നാൽ ഏതാനുംനാൾ കഴിഞ്ഞ് ഡി.പി.സിക്ക് വാസുദേവന്റെ ഫോൺ കാൾ വന്നു. ആരോഗ്യസ്ഥിതി വീണ്ടും മോശമായി. ഒറ്റയ്ക്ക് താമസിക്കാൻ കഴിയാതെ മകളുടെ വീട്ടിലേക്ക് താമസം മാറ്റി. ഇരുപതു കിലോമീറ്റർ യാത്രചെയ്താണ് ഇപ്പോൾ ഡയാലിസിസ് ചെയ്യുന്നതെന്ന് അറിയിക്കാനും പരിഹാരം എന്തെങ്കിലുമുണ്ടോ എന്നാരായാനുമായിരുന്നു ആ കോൾ.

ഒരാഴ്ച കഴിഞ്ഞ് ഡിപിസി അദ്ദേഹത്തെ തിരികെ വിളിച്ചത് ഒരു ആശ്വാസവാർത്ത

അറിയിക്കാനായിരുന്നു. പറവൂരുള്ള നെടുങ്ങോലം ആശുപത്രിയിൽ കാരുണ്യ പദ്ധതി പ്രകാരമുള്ള ഡയാലിസിസ് സൗകര്യം നിലവിൽ വന്നു. ഇനി മകളുടെ വീട്ടിൽ നിന്ന് അഞ്ചു മിനിറ്റിനുള്ളിൽ വന്നു ഡയാലിസിസ് ചെയ്തുപോകാം.

വാസുദേവന് അത് വിശ്വസിക്കാനായില്ല. തന്റെ പ്രശ്നത്തിന് വേഗത്തിൽ പരിഹാരമായതിന്റെ സന്തോഷത്തിൽ നന്ദി പറയുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ ഇടറി.

കാരുണ്യ കൈയെത്തും ദൂരെയെത്തിയതിന്റെ ആശ്വാസം വാസുദേവനും അത് യാഥാർഥ്യമാക്കാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യം ജില്ലാ കോർഡിനേറ്റർക്കും.

**രഞ്ജിനി ആർ**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ
കൊല്ലം

# ഇനി ജീവിതം സന്തോഷത്തോടെ



ഒരു ചെറുകിട ഹോട്ടൽ ജീവനക്കാരനാണ് സന്തോഷ്. കാര്യമായ സ്വത്തും സമ്പാദ്യങ്ങളുമൊന്നുമില്ല. തൊഴിൽ ചെയ്തുള്ള നിത്യവരുമാനം മാത്രമാണ് ആശ്രയം. എങ്കിലും സംതൃപ്ത ജീവിതം.

ഒരു ദിവസം ജോലിക്ക് പോകവെ വടുവഞ്ചാൽ ടൗണിൽ തലചുറ്റി വീണു. അതോടെ സന്തോഷിന്റെ ജീവിതഗതി അപ്പാടെ മാറി. നാട്ടുകാരാണ് സന്തോഷിനെ ആശുപത്രിയിലെത്തിച്ചത്. വിശദമായ പരിശോധനയിൽ വൃക്കരോഗമാണെന്ന് കണ്ടെത്തി. രണ്ടു വൃക്കകളും തകരാറിലായി. ഉദാരമതികളായ നാട്ടുകാരുടെ സഹായം കൊണ്ട് കിഡ്നി മാറ്റിവെച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിലായിരുന്നു ശസ്ത്രക്രിയ. വീണ്ടും ജോലിക്ക് പോയിത്തുടങ്ങിയപ്പോൾ കാൽ വഴുതി വീണു. അസഹ്യമായ വേദനയെത്തുടർന്ന് പരിശോധന നടത്തിയപ്പോൾ സന്തോഷിന്റെ എല്ലാ പ്രതീക്ഷകളും അസ്തമിച്ചു. മാറ്റിവെച്ച വൃക്കകളും തകരാറിലായി. തുടർചികിത്സയ്ക്ക് യാതൊരു വഴിയും കണ്ടില്ല. വീണ്ടും നാട്ടുകാരുടെ മുന്നിൽ കൈനീട്ടണമല്ലോ എന്നോർത്തപ്പോൾ ആത്മഹത്യയെക്കുറിച്ചു പോലും സന്തോഷ് ചിന്തിച്ചു.

അപ്പോഴാണ് ഷമീർ എന്ന ഡയാലിസിസ് ടെക്നീഷ്യനെ പരിചയപ്പെടുന്നതും കാരുണ്യയെപ്പറ്റി അറിയുന്നതും. ഉടൻ തന്നെ കൽപ്പറ്റ ആരോഗ്യ ഇൻഷുറൻസ് ഓഫീസിൽ പോയി ഇൻഷുറൻസ് കാർഡ്എടുത്തു. പിന്നീടിന്നോളമുള്ള ചികിത്സ പൂർണമായും സർക്കാർ ചെലവിലാണ്. മൂന്നു വർഷമായി സന്തോഷ് ജീവനും ജീവിതവും നിലനിർത്തുന്നത് കാരുണ്യയുടെ കരുതലിലാണ്. ആരുടെയും മുന്നിൽ കൈനീട്ടാതെ അന്തസ്സോടെ ജീവിക്കാമെന്ന സന്തോഷവും സർക്കാർ ഒപ്പമുണ്ടെന്ന ആത്മവിശ്വാസവുമാണ് ഇന്ന് സന്തോഷിനെ മുന്നോട്ടു നയിക്കുന്നത്.

**വിപിൻ മാത്യു**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ
വയനാട്

# കോവിഡ് കാലത്തും കരുതലായി കാരുണ്യ

*ഒടുവിലയാൾ തീരുമാനിച്ചു. തന്റെ അവസ്ഥ വിവരിച്ച് ആരോഗ്യ മന്ത്രി ശൈലജടീച്ചർക്ക് എഴുതുക – ആ തീരുമാനം അയാളുടെ ജീവിതഗതി തന്നെ തിരുത്തി.*



ഒരുഞ്ഞെട്ടലോടെയാണ് മഹേന്ദ്രൻ ഇപ്പോഴും തന്റെ കഴിഞ്ഞകാലം ഓർക്കുന്നത്. സ്വകാര്യ കമ്പനിയിലെ ജോലി, തുച്ഛമായ ശമ്പളം, എങ്കിലും അതിനുള്ളിൽ നിന്ന് ജീവിക്കുന്ന അമ്മയും ഭാര്യയും ആറ് വയസ്സുള്ള മകളും അടങ്ങുന്ന സന്തുഷ്ടകുടുംബം.

കോവിഡ് മറ്റു പലരെയും പോലെ മഹേന്ദ്രന്റെ ജീവിതത്തെയും പ്രതികൂലമായി ബാധിച്ചു. ജോലി നഷ്ടപ്പെട്ടു. മറ്റൊരു വരുമാനവുമില്ലാത്ത അയാളുടെ ജീവിതം ദുഷ്കരമായി. അതിനിടയിലാണ് കാലിൽ നീരും അരക്കെട്ടുവരെ കടുത്ത വേദനയുമായി അസുഖം അയാളെ വേട്ടയാടിയത്. കോവിഡ് കാരണം ആശുപത്രിയിൽ പോകാൻ വൈകി. അസഹ്യമായപ്പോൾ അടുത്തുള്ള സ്വകാര്യ കാസ്പ് എംപാനൽ ആശുപത്രിയിൽ പോയി. പരിശോധനകൾക്കുശേഷം ഡോക്ടർ പറഞ്ഞതൊക്കെ ഒരുസ്വപ്നത്തിലെന്നപോലെയാണ് അയാൾകേട്ടത്.


ഹൃദയസംബന്ധമായ രോഗം ഉണ്ടെന്നും ഇതിനിടയിൽ ഒരു അറ്റാക്ക് സംഭവിച്ചു കഴിഞ്ഞെന്നും ഡോക്ടർ അറിയിച്ചു. ഉടൻ ഒരു ആൻജിയോപ്ലാസ്റ്റി വേണമെന്ന് കേട്ടതോടെ, സൗജന്യ റേഷനെ മാത്രം ആശ്രയിച്ചു ജീവിച്ച ആ കുടുംബം ഒന്നാകെ തളർന്നു.

അതിനിടയിലാണ് സ്റ്റേറ്റ്ഹെൽത്ത് ഏജൻസി വഴി സൗജന്യ ചികിത്സ ലഭിക്കുമെന്ന് ആരോ പറഞ്ഞറിഞ്ഞത്. എന്നാൽ അതിനാവശ്യമായ ആരോഗ്യ ഇൻഷുറൻസ് കാർഡ് അയാൾക്ക് ഉണ്ടായിരുന്നില്ല. എന്ത് ചെയ്യണമെന്നറിയാതെ അയാൾ അങ്കലാപ്പിലായി.

ഒടുവിലയാൾ തീരുമാനിച്ചു. തന്റെ അവസ്ഥ വിവരിച്ച് ആരോഗ്യമന്ത്രി ശൈലജടീച്ചർക്ക് എഴുതുക – ആ തീരുമാനം അയാളുടെ ജീവിതഗതി തന്നെ തിരുത്തി. മന്ത്രിക്ക് ലഭിച്ച കത്ത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറി. അവിടെനിന്ന് കണ്ണൂർ കോർഡിനേറ്റർക്ക് നിർദേശം ലഭിച്ചു. പിന്നെ എല്ലാംകൂടി വേണ്ടിവന്നത് ഒന്നോരണ്ടോ മണിക്കൂറുകൾമാത്രം.

കാർഡ് ഇല്ലാത്തതു കാരണം കെബിഎഫ് വഴി ചികിത്സ കൊടുക്കാൻ തീരുമാനിച്ചു. ഡിപിസി ആശുപത്രി അധികൃതരുമായിസംസാരിച്ചു. ചികിത്സയ്ക്ക് ഏർപ്പാടുണ്ടാക്കി. ഉടൻ തന്നെ സർജറി നടന്നു. തികച്ചുംസൗജന്യമായി. 'തനിക്കിത് രണ്ടാം ജന്മം', തൊഴുകൈയോടെ മഹേന്ദ്രൻ നന്ദിപറയുന്നു, സർക്കാരിനോടും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയോടും.

**മിഥുൻ ടി**
ജില്ലാപ്രോജക്ട് കോ-ഓഡിനേറ്റർ
കണ്ണൂർ




## ചോദിക്കൂ, പറയാം

# ഗുണഭോക്താക്കളുടെ സംശയങ്ങളും മറുപടിയും

***വാക്സിൻ നിർബന്ധമായും എടുക്കേണ്ടതുണ്ടോ***

കോവിഡ് -19 നുള്ള കുത്തിവയ്പ്പ് സ്വമേധയാ സ്വീകരിക്കാവുന്നതാണ്.എന്നിരുന്നാലും, വാക്സിൻ മുഴുവൻ ഡോസും സ്വീകരിക്കുന്നതാണ് ഉചിതം. ഒരു വ്യക്തിയെ സ്വയം കോവിഡ് 19 ൽ നിന്നും പരിരക്ഷിക്കുന്നതിനും അതുപോലെ ഏറ്റവും അടുത്തുള്ള കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, ബന്ധുക്കൾ, സഹപ്രവർത്തകർ എന്നിവരിലേക്ക് രോഗം പകരാതെ പരിരക്ഷിക്കാനും വാക്സിൻ സ്വീകരിക്കുന്നത് വഴി സാധിക്കുന്നതാണ്.

***നിലവിൽ COVID-19 അണുബാധ(സ്ഥിരീകരിച്ച അല്ലെങ്കിൽ സംശയിക്കുന്ന)ഒരു വ്യക്തിവാക്സിനേഷൻ എടുക്കേണ്ട ആവശ്യമുണ്ടോ?***

കോവിഡ് -19 സ്ഥിരീകരിച്ച അല്ലെങ്കിൽ രോഗം സംശയിക്കുന്ന വ്യക്തി വാക്സിനേഷൻ സ്വീകരിക്കുമ്പോൾ ശരീര സ്രവങ്ങളുമായി സമ്പർക്കം വരുന്നതിനാൽ അണുബാധ പടരാനുള്ള സാധ്യത കൂടുതൽ ആണ്. അതിനാൽ രോഗം ബാധിച്ച വ്യക്തികൾ രോഗലക്ഷണങ്ങൾ പൂർണ്ണമായും മാറിയ ശേഷം 14 ദിവസം കഴിഞ്ഞ് വാക്സിനേഷൻ സ്വീകരിക്കുന്നതാണ് നല്ലത്.

***കോവിഡ് -19 അണുബാധയിൽ നിന്ന് പൂർണ മുക്തി നേടിയ വ്യക്തി കോവിഡ് വാക്സിനേഷൻ സ്വീകരിക്കേണ്ടതുണ്ടോ ?***

അതെ, കോവിഡ് -19 രോഗബാധയിൽ നിന്ന് പൂർണമായി മുക്തി നേടിയ വ്യക്തിയും കോവിഡ് -19 വാക്സിൻസ്വീകരിക്കുന്നത് നല്ലതാണ്. കോവിഡ് -19 ന് എതിരേ ശക്തമായ രോഗപ്രതിരോധ ശേഷി വർധിപ്പിക്കാൻ ഇതു സഹായിക്കുന്നു.

***ഒന്നോ അതിലധികമോ വാക്സിനുകൾ ലഭ്യമാകുമ്പോൾ കുത്തിവയ്ക്കേണ്ട വാക്സിൻ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്?***

ക്ലിനിക്കൽ പരീക്ഷണാടിസ്ഥാനത്തിൽ വാക്സിൻ നൽകിയ വ്യക്തികളിൽ നിന്നും ലഭിക്കുന്ന വാക്സിന്റെ സുരക്ഷയും കാര്യക്ഷമതയും കുറിച്ചുള്ള വിശദാംശങ്ങൾ നമ്മുടെ രാജ്യത്തിന്റെ ഡ്രഗ് റെഗുലേറ്റർ വാക്സിൻ നൽകുന്നതുമായി ബന്ധപ്പെട്ട അനുമതി നൽകും മുമ്പ് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. അതിനാൽ, ലൈസൻസ് ലഭ്യമാകുന്ന എല്ലാ കോവിഡ് -19 വാക്സിനുകളും നിർദേശപ്രകാരമുള്ള സുരക്ഷയും കാര്യക്ഷമതയും ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അതിനൊക്കെ ഉപരിയായി, വ്യത്യസ്ത തരം വാക്സിൻ ലഭ്യമാകുന്നതിനാൽ വാക്സിനേഷന്റെ ഷെഡ്യൂൾ പൂർത്തിയാക്കുന്നവർ ഒരേ തരം കോവിഡ് വാക്സിൻ തന്നെയാണ് സ്വീകരിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

***ഇന്ത്യയിൽ അവതരിപ്പിച്ചവാക്സിൻ മറ്റു രാജ്യങ്ങളിൽ അവതരിപ്പിച്ച വാക്സിനുകളെ പോലെ ഫലപ്രദമാണോ ?***

അതെ. ഇന്ത്യയിൽ വികസിപ്പിച്ച കോവിഡ് 19 വാക്സിൻ മറ്റു ഏതൊരു രാജ്യത്ത് വികസിപ്പിച്ച വാക്സിൻ പോലെ തന്നെ ഫലപ്രദമായിരിക്കും. ഇതിന്റെ ഫലപ്രാപ്തിയും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി വാക്സിൻ വിവിധ ഘട്ട പരീക്ഷണങ്ങൾ പൂർത്തിയാക്കിയ ശേഷമാണ് വിതരണത്തിനായി ലഭ്യമാക്കിയിട്ടുള്ളത്.

***വാക്സിനേഷൻ സ്വീകരിക്കാൻ യോഗ്യൻ ആണെന്ന് ഞാൻ എങ്ങനെ അറിയും ?***

പ്രാരംഭ ഘട്ടത്തിൽ, കോവിഡ്19 വാക്സിൻ മുൻഗണനാ ഗ്രൂപ്പുകൾ ആയ മുൻനിര ആരോഗ്യപ്രവത്തകർക്കും തുടർന്ന് മറ്റു ആരോഗ്യപ്രവർത്തകർക്കും ആയിരിക്കും നൽകുക. പിന്നീട് പോലീസ് സേനാംഗങ്ങൾക്കും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കും നൽകും. വാക്സിൻ ലഭ്യതയുടെ അടിസ്ഥാനത്തിൽ 50 വയസ്സ്കഴിഞ്ഞവർക്കും നേരത്തെ നൽകുന്നതാണ്. അർഹരായ ഗുണഭോക്താക്കളെ അവരുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ വഴി വാക്സിനേഷൻ നൽകുന്നതിനെക്കുറിച്ചും അതിന്റെ സമയത്തെ കുറിച്ചും വ്യക്തമായ വിവരംനൽകുന്നതാണ്. കൂടാതെ ഗുണഭോക്താക്കളുടെ കുത്തിവയ്പ്പുമായി ബന്ധപ്പെട്ട രജിസ്ട്രേഷനിൽ എന്തെങ്കിലും അസൗകര്യം വരുന്നത് തടയാനും ഇത് വഴി സാധിക്കും.

***ആരോഗ്യ വകുപ്പിൽ രജിസ്ട്രേഷൻ ഇല്ലാതെ കോവിഡ് -19 വാക്സിൻഒരു വ്യക്തിക്ക് ലഭിക്കുമോ?***

കോവിഡ് വാക്സിൻ ലഭിക്കുന്നതിനു രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്ട്രേഷൻ പൂർത്തിയായാൽ മാത്രമേ വാക്സിൻ നൽകുന്ന സമയവും സ്ഥലവും ഗുണഭോക്താവിനു പങ്കിടുകയുള്ളൂ.

***എന്തൊക്കെ രേഖകളാണ് വാക്സിൻ ലഭ്യമാക്കാനുള്ള രജിസ്ട്രേഷന് ആവശ്യമായിട്ടുള്ളത്?***

ആധാർ കാർഡ്, വോട്ടേഴ്സ് ഐഡി, പാൻകാർഡ്,പാസ്പോർട്ട്, കേന്ദ്ര-സംസ്ഥാന സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർക്ക്അനുവദിക്കുന്ന തിരിച്ചറിയൽ രേഖകൾ തുടങ്ങിയവയിൽ ഏതെങ്കിലും ഒന്ന് തിരിച്ചറിയൽ രേഖയായി രജിസ്ട്രേഷനു ഉപയോഗിക്കാവുന്നതാണ്.

***വാക്സിനേഷൻ സ്ഥലത്ത് ഫോട്ടോ പതിച്ച ഐ.ഡി. കാർഡ് കാണിക്കേണ്ടതുണ്ടോ?***

രജിസ്ട്രേഷനുപയോഗിക്കുന്ന അതേ ഐ.ഡി. കാർഡ് വാക്സിൻ നൽകുന്ന ബൂത്തിൽ പരിശോധനയ്ക്കു നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

***വാക്സിൻ സ്വീകരിച്ചുകഴിഞ്ഞ ഗുണഭോക്താവിനു വാക്സിനേഷൻ സംബന്ധിയായ തുടർവിവരങ്ങൾ ലഭ്യമാകുമോ?***

നിർദിഷ്ട ഡോസ് വാക്സിൻ സ്വീകരിച്ച വ്യക്തിക്ക് എസ്.എം.എസ്. സന്ദേശം ലഭിക്കും. എല്ലാ ഡോസുകളും സ്വീകരിച്ചശേഷം സർട്ടിഫിക്കറ്റ് ലഭ്യമാക്കും.

***കാൻസർ, പ്രമേഹം, രക്തസമ്മർദം എന്നിവയ്ക്കു മരുന്നുകഴിക്കുന്നവർക്ക് വാക്സിൻ സ്വീകരിക്കാനാവുമോ?***

പ്രമേഹം, കാൻസർ, രക്തസമ്മർദം തുടങ്ങി രോഗങ്ങൾ ഉള്ളവർ റിസ്ക് കൂടിയ വിഭാഗത്തിൽപ്പെടുന്നവരാണ്. അവർ വാക്സിൻ സ്വീകരിക്കേണ്ടതാണ്.

***വ്യക്തികൾ വാക്സിനേഷൻ കേന്ദ്രങ്ങളിൽ എന്തൊക്കെ പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കണം?***

വാക്സിനെടുത്തശേഷം അരമണിക്കൂർ വാക്സിനേഷൻ കേന്ദ്രത്തിലെ നിരീക്ഷണമുറിയിൽ വിശ്രമിക്കേണ്ടതാണ്. എന്തെങ്കിലും അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ ആരോഗ്യപ്രവർത്തകരെ അറിയിക്കുക. മാസ്ക് ധരിക്കുക, കൈകൾ അണുവിമുക്തമാക്കുക, സാമൂഹികാകലം പാലിക്കുക തുടങ്ങി പ്രതിരോധ മാർഗങ്ങൾ കർശനമായും തുടരണം.

***കോവിഡ്19 വാക്സിനേഷനുണ്ടായേക്കാവുന്ന പാർശ്വഫലങ്ങളെന്തെല്ലാം?***

സുരക്ഷയുറപ്പാക്കിയശേഷം മാത്രമാണു വാക്സിൻ വിതരണം തുടങ്ങുന്നത്. എങ്കിലും ചെറിയപനി, വേദന തുടങ്ങി നിസ്സാര പാർശ്വഫലങ്ങളുണ്ടായേക്കാം.

കാരുണ്യ കേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01
ലക്കം : 03
2021 ഫെബ്രുവരി


# ആതുരർക്ക് ആശ്രയമായി ആരോഗ്യമിത്ര






**കെ**ട്ടിടം പണിക്കാരനായ ജോബിക്കിത് രണ്ടാമത്തെ അപകടം. മൂന്നു മാസം മുൻപ് കാലിന് പരിക്കുപറ്റി പ്ലാസ്റ്ററിട്ട് ചികിത്സയും വിശ്രമവും കഴിഞ്ഞ് പുറത്തിറങ്ങിയതേയുള്ളൂ. അപ്പോഴാണ് വീണ്ടും ഒരപകടം. രണ്ടു കൈയും പൊട്ടി. ഉടൻ ശസ്ത്രക്രിയവേണം. ചികിത്സാസഹായം എന്തെങ്കിലും കിട്ടുമോ എന്നറിയാൻ കോട്ടയം ജനറൽ ആശുപതിയിലെ കാരുണ്യ കിയോസ്ക്കിലെത്തിയതാണ് ജോബിയുടെ ഭാര്യ. രണ്ടു കുഞ്ഞുങ്ങളടങ്ങുന്ന കുടുംബത്തിന്റെ ഏക അത്താണിയാണ് ജോബി. ദിവസക്കൂലി മാത്രമായിരുന്നു വരുമാനം. അതുനിലച്ചു. ഒരു നിവൃത്തിയുമില്ല. കരഞ്ഞുകലങ്ങിയ കണ്ണുകളുമായി അവർ സങ്കടം പങ്കുവെച്ചു.

കിയോസ്ക്കിലെ ആരോഗ്യമിത്ര പ്രവർത്തകർ ഉടൻ തന്നെ കംപ്യൂട്ടർ രേഖകളിൽ പരതി. ആരോഗ്യഇൻഷുറൻസ് പദ്ധതിയുടെ ഒരു വിഭാഗത്തിലും ജോബിയുടെ പേരില്ല. റേഷൻ കാർഡ് രേഖകൾ പരിശോധിച്ചു. അതിലും നിരാശയായിരുന്നു ഫലം. അതെങ്ങനെ അവരോട് പറയും എന്നറിയാതെ കിയോസ്ക്കിലെ ജീവനക്കാർ വിഷമിച്ചു.

ഒരേയൊരു സാധ്യതയാണ് അവശേഷിച്ചത്. ബി.ഐ.എസിൽ സാമൂഹ്യസാമ്പത്തിക സർവ്വേ വിവരങ്ങൾ നോക്കുക. അത് ചെയ്തതോടെ വഴി തെളിഞ്ഞു. ജോബിയുടെ അച്ഛൻ ഒരു ഗുണഭോക്താവാണെന്ന് കണ്ടെത്തി. അതുപയോഗിച്ച് ജോബിയെ കുടുംബാംഗം എന്ന നിലയിൽ കൂട്ടിച്ചേർത്തു. സൗജന്യ ചികിത്സ ഉറപ്പാക്കി. സന്തോഷം കൊണ്ട് അവരുടെ കണ്ണ് നിറഞ്ഞു. നന്ദി പറയുമ്പോൾ തൊണ്ടയിടറി. ചികിത്സ പൂർത്തിയാക്കി മടങ്ങാൻ നേരം അവർ വീണ്ടും കിയോസ്ക്കിൽ വന്ന് സന്തോഷം അറിയിച്ചു, നന്ദി പറഞ്ഞു. ക്ഷേമം അന്വേഷിച്ചു. പിന്നീട് ആശുപത്രിയിലെത്തുമ്പോഴെല്ലാം അതാവർത്തിക്കുകയും ചെയ്യുന്നു.

ഇതുപോലെ നിരവധി അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ട് കാരുണ്യ കിയോസ്ക്കുകളിലെ ഓരോ ആരോഗ്യമിത്രയ്ക്കും. തങ്ങൾക്കു കിട്ടുന്ന ഏറ്റവും വിലപ്പെട്ട പ്രതിഫലം, പ്രചോദനം ഇതാണെന്ന് കോട്ടയം ജനറൽ ആശുപത്രിയിലെ ആരോഗ്യമിത്ര പ്രവർത്തകർ തികഞ്ഞ ചാരിതാർഥ്യത്തോടെ പറയുന്നു.

കാരുണ്യപദ്ധതിയെ ജനസൗഹൃദവും ഫലപ്രദവുമാക്കുന്ന മുഖ്യഘടകങ്ങളിലൊന്നായി മാറുകയാണ് കാരുണ്യ കിയോസ്ക്കും ആരോഗ്യമിത്രയുടെ സേവനങ്ങളും. ഒഴിവുകഴിവുകളൊന്നും പറയാതെ അർഹിക്കുന്നവർക്കെല്ലാം ചികിത്സാ സഹായം ഉറപ്പാക്കാൻ അവർ അശ്രാന്ത പരിശ്രമം നടത്തുന്നു.


**ടോണി തോമസ്**
ജില്ലാ പ്രോജക്ട്
കോ-ഓർഡിനേറ്റർ
കോട്ടയം


# ഊരുമിത്രങ്ങൾക്ക് പരിശീലനം





**കാ**രുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയെപ്പറ്റിയുള്ള ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി തൃശ്ശൂർ, വയനാട് ജില്ലകളിലെ ആദിവാസി ഊരുകളിലെ ഹാംലറ്റ് ആശാ പ്രവർത്തകർക്ക് (ഊരുമിത്രങ്ങൾ) പരിശീലനം നടത്തി.

തൃശ്ശൂരിൽ സ്റ്റേറ്റ്ഹെൽത്ത്ഏജൻസി ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ റെനി കുര്യാക്കോസും വയനാട്ടിൽ പുൽപ്പള്ളി ബ്ലോക്കിൽ വിപിൻ മാത്യുവും ക്ലാസ്സെടുത്തു. വയനാട്ടിൽ ഐപിസി എബനേസർ ഹാളിലായിരുന്നു പരിശീലനം.

തൃശ്ശൂർ ജില്ലയിൽ പരിശീലനപരിപാടിയുടെ രണ്ടാം ബാച്ചിൽ വാണിയംപാറ, വെള്ളാനിക്കര, പുത്തൂർ, എളനാട്, തോണൂർക്കര, മറ്റത്തൂർ, വരന്തരപ്പിള്ളി എന്നിവിടങ്ങളിൽ നിന്നുള്ള ഊരുമിത്രങ്ങൾ പങ്കെടുത്തു. വരന്തരപ്പിള്ളി കുടുംബാരോഗ്യകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ദാറുൽ തഖ്വ അറബിക് കോളേജിൽ ആയിരുന്നു പരിപാടി. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരുന്നു പരിശീലനം.


Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: C Latheef. Design and layout: Arun. V. Dev (Devgraph)
(For Private Circulation only)